INCIDENTS AT THE MAHARAJA'S COLLEGE—PARTICULARS REGARDING

263. മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ട് സദയം മറുപടി പറയുമോ.—

(എ) ആഗസ്റ്റ് ഫൻ—ാംനു- എറണാകുളം മഹാരാജാസ് കോളേജിൽ ഏതാനും വിദ്യാർത്ഥികൾ പ്രൊഫസർ പാപ്പാളിയെ കയ്യേറ്റംചെയ്യുവെന്നും പ്രിൻസിപ്പാളിനെ ആക്രമിക്കുവാൻ മുതിർന്നുവെന്നും കോളേജിൽ നാട്ടിയിരുന്ന കൊച്ചി പതാക വലിച്ചു താഴെയിട്ട് പിച്ചിച്ചീന്തിയെന്നും ലാബ്റ്ററിയിലെ ചില സാമഗ്രികൾ തല്ലിയുടച്ചുവെന്നും ചില പത്രങ്ങളിലുണ്ടായിരുന്ന വാർത്ത ശരിയാണോ;

(ബി) ശരിയാണെങ്കിൽ അതിനുത്തരവാദികളായ വിദ്യാർത്ഥികളെ ശിക്ഷിക്കുകയുണ്ടായോ;

(സി) ഉണ്ടെങ്കിൽ എന്തുശിക്ഷയാണ് നൽകിയതു?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ:

(എ) ചിലതെല്ലാം മിക്കവാറും ശരിയാണ്.

(ബി) ഉവ്വ്.

(സി) പതിനേഴ കുട്ടികളെ കോളേജിൽനിന്നും പുറത്താക്കി.

SHORANUR-ERNAKULAM ROAD—FRAGMENTATION OF HOLDINGS

264. **Mr. C. S. Paniker** *(Adur):* Will Government be pleased to state.—

(*a*) have the Government given up the idea of widening the Shoranur-Ernakulam Road;

(*b*) do the Government know that the people are put to a great disadvantage in-as-much as they are not able to do anything in the bits of lands and buildings lying in the proximity of the proposed road?

Rao Bahadur T. K. Nayar *(Prime Minister):*

(*a*) The matter is pending decision regarding National Highways passing through Indian States.

(*b*) There is no such difficulty since the notification under Section 3 (1) of the Land Acquisition Act has since been withdrawn.

SUPPLY OF FUEL TO MADRAS GOVERNMENT DURING WAR TIME—INFORMATION REGARDING

265. മിസ്റ്റർ പി. കെ. ഡിവർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ട് സദയം മറുപടി പറയുമോ.—

(എ) മദിരാശി ഗവണ്മെണ്ടിന്റെ ആവശ്യത്തിലേക്ക യുദ്ധകാലത്തു കൊച്ചി ഗവണ്മെണ്ടു നേരിട്ടോ വല്ല കരാറുകാർ വഴിക്കോ വിറകു സപ്ലൈ ചെയ്യുകയുണ്ടായിട്ടുണ്ടോ;

(ബി) യുദ്ധകാലത്തു മദിരാശി ഗവണ്മെണ്ടിന്റെ ആവശ്യത്തിലേക്ക കൊച്ചിയിലെ ഫോറസ്റ്റിൽനിന്നും എത്ര ടൺ വിറകു കൊച്ചി ഗവണ്മെണ്ടു നേരിട്ടോ ഏതെങ്കിലും കരാറുകാരൊ അയച്ചു കൊടുക്കുകയുണ്ടായിട്ടുണ്ടു;

(സി) ൧൯൪൧, ൧൯൪൨, ൧൯൪൩ ഈ വർഷങ്ങളിൽ പാലക്കാടിറെയിൽവെ സ്റ്റേഷൻവഴി എത്രായിരം ടൺ വീതം വിറകു മദിരാശി ഗവണ്മെണ്ടിന്റെ ആവശ്യത്തിലേക്കായി കയറ്റി അയച്ചിട്ടുണ്ടെന്നു ഗവണ്മെണ്ടു മറുപടി പറയുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) കരാറുകാർക്കു വിറ്റ വിറകു അവർ യുദ്ധകാലത്തു മദിരാശി ഗവണ്മെണ്ടിനു വിറ്റിട്ടുണ്ടു. അല്ലാതെ ഗവണ്മെണ്ടു നേരിട്ടോ കരാറുകാർ മുഖാന്തിരമോ ഗവണ്മെണ്ടു വിറകു സപ്ലൈ ചെയ്തിട്ടില്ല.

(ബി) കരാറുകാർക്കു കൊടുത്ത വിറകിൽനിന്നു ഉദ്ദേശം ൧൦,൯൦൫ ടൺ വിറകു അവർ മദിരാശി ഗവണ്മെണ്ടിനു കൊടുത്തിട്ടുണ്ടു.

(സി) ൧൯൪൧ ൽ ടൺ കയറ്റി അയച്ചിട്ടുണ്ടായിരിക്കണം. ശരിയായ കണക്കു അറിവില്ല. കാരണം കരാറുകാർ വിറകുകണക്കു മദിരാശിയിൽ തൂക്കത്തിനും, ഡിപ്പാർട്ടുമെണ്ടു കരാറുകാർക്കു വിറ്റതു കൂബിക്കളുവിനുമാണ്.

LIBRARY ARCHIVES Kerala Legislative Assembly